# ക്രിസ്തീയ സോദരി

2024 സെപ്റ്റംബർ - ഒക്ടോബർ



INSIDE

ആന്തരിക മൂല്യങ്ങൾ

പുനരുജ്ജീവനം

മനസറിഞ്ഞു മക്കളെ വളർത്താം

EL ROI

LIFE STORY

## വിശ്വസ്ത ദാസൻ, നല്ല വേലക്കാരൻ




കവർ ചിത്രം:
സാബു കെ.സി, മിനി സാബു

ക്രിസ്തീയ
സോദരി

**ദ്വൈമാസിക**
സെപ്റ്റംബർ-ഒക്ടോബർ '24


എഡിറ്റർ:
ലൗലി ജോർജ്

അസ്സോസിയേറ്റ് എഡിറ്റേഴ്സ്:
ഡോ. ഗ്രെയ്സ് ജോൺസൻ
മേരി എസ് ജോർജ്
ഷൈനി അഭിലാഷ്
ജിൻസി ജിമ്മി

ഉപദേശക സമിതി:
ഫേബ ജേക്കബ്
മറിയാമ്മ അലക്സാണ്ടർ

സാങ്കേതിക സഹായം:
കിന്നെരെത്ത് മീഡിയ


www.**sodari.in**


## ഉൾത്താളുകളിൽ





**മനസ്സറിഞ്ഞു മക്കളെ വളർത്താം**




**വിശ്വസ്ത ദാസൻ, നല്ല വേലക്കാരൻ**
15

**ഓർമ്മപ്പെടുത്തൽ**
24




| | |
|---|---|
| ആത്മനിയന്ത്രണത്തോടെ.. | 03 |
| രൂത്ത് | 12 |
| ബൈബിൾ കാനോൻ | 21 |
| ദുരന്തം | 31 |
| ഗുരുമൊഴി | 32 |





Listen to audio version




എഡിറ്റോറിയൽ



ലൗലി ജോർജ്

# ആത്മനിയന്ത്രണ ത്തോടെ മുന്നേറാം

ഇക്കഴിഞ്ഞ അദ്ധ്യാപകദിനത്തിൽ അദ്ധ്യാപകൻ വിദ്യാർത്ഥികളിൽ നിന്നും ക്രൂരമർദ്ദനം നേരിട്ടു. കണ്ണൂർ പള്ളിക്കുന്ന് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലാണ് സംഭവം. പരീക്ഷയ്ക്ക് എത്തിയ രണ്ട് പ്ലസ് ടൂ വിദ്യാർത്ഥികൾ ക്ലാസ്സിൽ കയറാതെ പുറത്ത് നില്ക്കുന്നത് കണ്ടപ്പോൾ അവരോട് ക്ലാസ്സിൽ കയറാൻ ആവശ്യപ്പെട്ടതിനെ തുടർന്നാണ് വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകന് മർദ്ദനമേറ്റത്. കുട്ടികൾ ഇത്തരത്തിൽ അക്രമാസക്തരാകുന്ന പ്രവണത വർദ്ധിച്ച് വരികയാണ്. കുട്ടികൾ ഇടയ്ക്കിടെ വഴക്കിടുന്നത് സാധാരണമാണ്. കുട്ടികൾ തമ്മിൽ വഴക്ക് കൂടുന്നതും തല്ലുന്നതും സ്വഭാവികമാണ് എങ്കിലും കുട്ടികൾ അക്രമാസക്തരാകുന്നത് നിസാരമായി കാണരുത്. മാതാപിതാക്കൾക്ക് നിയന്ത്രിക്കുവാൻ കഴിയാത്ത സാഹചര്യങ്ങളിലേക്ക് കുട്ടികൾ മാറുന്നത് വളരെ ഗൗരവമായി നാം കാണേണ്ടതുണ്ട്. നിയന്ത്രണാതീതമായ കോപത്തിന് അടിമകളാകുന്ന ഇത്തരം കുട്ടികൾ ക്രൂരത കാണിക്കുവാൻ മടിക്കുന്നില്ല. സ്വയം നിയന്ത്രിക്കുവാൻ കഴിയാതെ വരുമ്പോൾ എന്ത് അക്രമവും കാട്ടുവാൻ അവർ തയ്യാറാകുന്നു.

ആത്മനിയന്ത്രണം എന്നത് ജീവിതത്തിന്റെ എല്ലാ സാഹചര്യങ്ങളിലും പാലിക്കേണ്ടതാണ്. അത് കുട്ടികളിലും മുതിർന്നവരിലും ഒരുപോലെ പ്രകടമാകേണം. ഇന്ന് സംഭവിക്കുന്ന പല അക്രമങ്ങളുടെയും പ്രശ്നങ്ങളുടെയും കാരണം ആത്മനിയന്ത്രണം ഇല്ലാത്തതാണ്. ആർക്കും ആരെയും അക്രമാസക്തരാക്കാനോ പ്രകോപിപ്പിക്കാനോ സാധിക്കില്ല. ഒരു വ്യക്തി കേൾക്കുന്ന കാര്യങ്ങളുടെയോ കാണുന്ന കാഴ്ചകളുടെയോ അടിസ്ഥാനത്തിൽ അവനിൽ ഉണ്ടാകുന്ന പ്രതികരണമാണ് മിക്കപ്പോഴും പ്രകോപനമായി മാറുന്നത്. ഒരു പൊട്ടിത്തെറിയിലൂടെ മറ്റുള്ളവരോട് രോഷാകൂലരാകുമ്പോൾ സമാധാനിക്കുന്നവരാണ് ഇക്കൂട്ടർ. എന്തുകൊണ്ട് പ്രകോപിതനായി എന്നു

» 6

# ആന്തരിക മൂല്യങ്ങളെ ആർജിക്കാം

കാലികം



അക്സ ആൻ
നെൽസൺ

'എന്തൊരു സുന്ദരിയാ ആ കുട്ടി', 'ഹോ അവളുടെ പാചകം ഗംഭീരം തന്നെ', 'ഒന്നും മിണ്ടില്ലാത്ത ഒരു പാവം പെൺകുട്ടി'... നമുക്ക് ഈ വാചകങ്ങളെല്ലാം പരിചിതങ്ങൾ അല്ലേ?

പെൺകുട്ടികൾക്ക് അല്ലെങ്കിൽ സ്ത്രീകൾക്ക് സുലഭമായി, 'പ്രയാസമെന്യേ' കിട്ടുന്ന പ്രശംസാ വചനങ്ങൾ. അവളുടെ സൗന്ദര്യം, പാചകം, ഒതുങ്ങിക്കൂടുന്ന രീതി, മിണ്ടാതിരിക്കുന്ന രീതി ഇവയെല്ലാം വാനോളം വാഴ്ത്താറുണ്ട്. നല്ലതുതന്നെ, അഭിനന്ദനം അർഹിക്കുന്നവയെ അഭിനന്ദിക്കുക തന്നെ വേണം. പക്ഷേ ഇത്തരം കരഘോഷങ്ങൾക്കിടയിൽ ചില ആന്തരിക മൂല്യങ്ങൾ വിസ്മരിക്കപ്പെടുന്നുണ്ടോ? ഓരോ പെൺകുട്ടികളുടെയും ബാഹ്യമേന്മകൾ പ്രശംസയ്ക്ക് പാത്രമാകുമ്പോൾ അവയുടെ അതിപ്രസരം മൂലം ആർജ്ജിച്ചെടുക്കേണ്ട ആന്തരിക ഗുണങ്ങളിൽ നിന്ന് അവളുടെ ശ്രദ്ധ തിരിയുന്നുണ്ടോ?

'സ്ത്രീ അബലയാണ്, യുക്തിസഹമായ ബോധം ഇല്ലാത്തവളാണ്' ഇവയെല്ലാം വളരെ ആഘോഷിക്കപ്പെടുന്ന ചില കേൾവികൾ ആണ്. ചില സ്ഥാപിത ബലഹീനതകളിലേക്ക് സ്ത്രീയെ തളച്ചിടുന്ന മാർഗങ്ങൾ. ഒപ്പം, ഇത്തരത്തിൽ ബാഹ്യമായവയെ മാത്രം കേന്ദ്രീകരിക്കുന്ന പ്രശംസകളും. സ്ത്രീകൾക്ക് അവരുടേതായ പരിമിതികൾ ഉണ്ട് എന്നത് ശരി തന്നെ. അവ എല്ലാ മനുഷ്യർക്കും ഉള്ളതാണല്ലോ. ഇവിടെ മാറ്റം വരേണ്ടത് എവിടെയാണ്? ബാഹ്യമായവയെ പൂർണ്ണമായും അവഗണിക്കണം എന്നല്ല, പ്രാധാന്യമേറിയവ അത്രയേറെ ഗൗനിക്കപ്പെടുന്നില്ല എന്നതാണ് ചിന്താവിഷയം. ഒരു ദൈവമകൾ ആകുമ്പോൾ ആന്തരീക ഗുണങ്ങളും മൂല്യങ്ങളും ആർജ്ജിക്കേണ്ടതിന്റെ ആവശ്യകത വർദ്ധിക്കുന്നു. ദൈവവചനം മുൻതൂക്കം കൊടുക്കുന്നതും അവയ്ക്ക് തന്നെ. വചനത്തിൽ പ്രതിപാദിച്ചിരിക്കുന്നവയിൽ ഏറ്റവും ഗൗരവമേറിയതും, സ്ത്രീ നിർബന്ധമായും കൈവശമാക്കേണ്ടതുമായ രണ്ടു ഗുണഗണങ്ങളാണ് ജ്ഞാനവും സുബോധവും.

## 1. ജ്ഞാനം


"അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു: ദയയുള്ള ഉപദേശം അവളുടെ നാവിൻമേൽ ഉണ്ട്. (സദൃ: 31: 26) "

ജ്ഞാനത്തിന്റെ പ്രാധാന്യം ഏറെയാണ് ജീവിതത്തിൽ. പ്രത്യേകിച്ചും ഒരു സ്ത്രീക്ക്. അവ നൽകുന്ന തിരിച്ചറിവുകളും ഉൾക്കാഴ്ചകളുമാണ് ഏറ്റവും വിലയേറിയ സമ്പത്ത്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന വേദഭാഗം ഈ ആശയത്തെ സാധൂകരിക്കുന്നു. ഉത്തമയായ ഭാര്യയുടെ ഗുണഗണങ്ങൾ വിവരിക്കു

ന്ന ഈ ഭാഗത്ത് ജ്ഞാനവും ഒരു പ്രധാന ചർച്ച വിഷയം ആകുന്നുണ്ട്.

ജ്ഞാനം, ലോകത്തിന്റെ വ്യവസ്ഥകളെ തൃപ്തിപ്പെടുത്തുന്ന വിദ്യാ അഭ്യസനമല്ല, ഒരു ദൈവമകളെ സംബന്ധിച്ച് ജ്ഞാനം എന്നത് 'പരിശുദ്ധനെക്കുറിച്ചുള്ള അറിവാണ്'. സ്വർഗീയ പിതാവിനോട് ചേർന്നിരുന്ന്, അവിടുന്നിനെ ഓരോ ദിവസവും കൂടുതലായി അറിയുമ്പോൾ, ജ്ഞാനത്തെ തേടിയുള്ള അവളുടെ യാത്ര വിജയ മന്ത്രത്തെ സ്വീകരിച്ചു കഴിഞ്ഞു. ഈ ജ്ഞാനം വരുത്തുന്ന മാറ്റങ്ങൾ ചെറുതൊന്നുമല്ല. സ്വർഗ്ഗീയ പിതാവിന്റെ പ്രിയപുത്രിയായി, അവിടുന്നിന്റെ ഹിതപ്രകാരം വാർത്തെടുക്കുന്ന മകളായുള്ള രൂപാന്തരം പ്രാപിക്കുന്നു. പിന്നെ ബാഹ്യ കാഴ്ചകൾ അവളുടെ മനംമയക്കില്ല, സ്വായത്തമാക്കേണ്ടവയിൽ നിന്ന് അവൾ ശ്രദ്ധ തിരിക്കില്ല. അവളുടെ പ്രവർത്തിയിൽ അങ്ങനെ എല്ലാ മേഖലകളിലും ഈ ദൈവീക ജ്ഞാനം പ്രകടമായിരിക്കുക തന്നെ ചെയ്യും. അവളെ കാണുന്നവർ മൗനമായിട്ടെങ്കിലും മന്ത്രിക്കും 'കൃപയുള്ളവൾ' എന്ന്. അതുകൊണ്ട് ഈ ജ്ഞാനത്തെ നമുക്ക് ആർജ്ജിക്കാം.

> "ജ്ഞാനം എന്നത് 'പരിശുദ്ധനെക്കുറിച്ചുള്ള അറിവാണ്'."



## 2. സുബോധം

അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ തന്നെ അലങ്കരിക്കേണം" (1. തിമൊ: 2:9).

സ്ത്രീയുടെ അലങ്കാരത്തെക്കുറിച്ച് സംസാരിക്കുമ്പോൾ ദൈവാത്മാവ് കൃത്യമായി സുബോധത്തെ എടുത്തു കാണിക്കുന്നു. സുബോധം എന്താണ്? സ്വയത്തെക്കുറിച്ചുള്ള കൃത്യമായ അവബോധമാണ്. താൻ ആരാണ്? എന്താണ്? തന്റെ ബലഹീനതകൾ, കൃപകൾ, പാലിക്കേണ്ട പ്രമാണങ്ങൾ, മൂല്യങ്ങൾ ഇവയെക്കുറിച്ച് എല്ലാം ഒരു ദൈവമകൾ നിർബന്ധമായും ബോധമുള്ളവൾ ആയിരിക്കണം. സുബോധത്തിന്റെ അഭാവം സൃഷ്ടിക്കുന്ന താളപ്പിഴകൾ ചെറുതൊന്നുമല്ല. പ്രത്യേകിച്ചും ഈ മലിന ലോകത്ത്, സുബോധത്തിന്റെ ആവശ്യം ഏറെയാണ്. ദൈവസന്നിധിയിൽ ഇരുന്ന് അതിനുള്ള കൃപ യാചിച്ച് വളരെ ബോധപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്യുക തന്നെ വേണം. സ്വത്വത്തിൽ നാം ബലഹീനരെങ്കിലും അവിടുത്തെ കൃപയാൽ നാം ജയം വരിക്കും. ഓരോ സാഹചര്യങ്ങളിലും നമ്മിൽ നിറഞ്ഞു വരണം സുബോധത്തിന്റെ സൗന്ദര്യം.

ദൈവീക ജ്ഞാനവും സുബോധവും പ്രാപിക്കാനുള്ള നമ്മുടെ വാഞ്ഛയെ സ്വർഗ്ഗീയ പിതാവ് ഒരിക്കലും അവഗണിക്കുകയില്ല. അവ സ്വന്തമാക്കുന്ന മാത്രയിൽ നാം അനേകം ആന്തരിക ഗുണഗണങ്ങളുടെ അധിപയാകുകയായി. സ്നേഹം, ക്ഷമ, ദയ, ആത്മസംയമനം, വിവേകം, ധൈര്യം ഇങ്ങനെയുള്ള അനേകം പവിഴ മുത്തുകളുടെ ഒരു ശേഖരം തന്നെ നമ്മുടെ കയ്യിലൊതുങ്ങുകയാണ്. അപ്പോൾ അവിടെ സംഭവിക്കുന്നത് ഒരു വലിയ മാറ്റമാണ്. ദൈവദാനത്തെ അതിന്റെ പൂർണ്ണത

യിൽ സ്വാംശീകരിക്കുന്ന മകളായി ഉള്ള നാം അറിയപ്പെടും. കേവലം ബാഹ്യ മേന്മകളാൽ അല്ല, ഏത് അവസര ത്തെയും കൃപയോടെ കൈകാര്യം ചെയ്യുന്ന വൾ എന്ന നിലയിൽ തന്നിലുള്ള ദൈവീകത യാൽ സൗരഭ്യം പര ത്തും.

സൗന്ദര്യത്തിന്റെ വ്യാജ ഭാവത്തെ മനസ്സിലാക്കി, എന്ത്, എവിടെ, എപ്പോൾ? എങ്ങനെ ചെയ്യണം എന്ന് അറിയാവു ന്ന വിവേകമുള്ളവളാകണം ഓരോ സ്ത്രീയും. ശബ്ദിക്കേ ണ്ട ഇടങ്ങളിൽ ശബ്ദി ക്കുവാനും മൗനമാകേണ്ട സാഹച ര്യങ്ങളിൽ മൗനമാകു വാനും ആത്മീക ബോധമുള്ളവൾ ശീലി ക്കണം. ഒരു ദൈവമ കൾ എന്ന നിലയിൽ നാം പ്രശംസിക്കപ്പെടു ന്നതും വിലമതിക്കപ്പെടുന്നതും നമ്മിൽ ഉള്ള ആന്തരിക മൂല്യങ്ങളാലും ഗുണ ങ്ങളാലും ആയിരിക്കണം. അവ ബാ ഹ്യതയിലേക്ക് മാത്രം ഒതുങ്ങി പോകാതിരിക്കട്ടെ.

> ഓരോ സാഹചര്യങ്ങളിലും നമ്മിൽ നിറഞ്ഞു വരണം സുബോധത്തിന്റെ സൗന്ദര്യം.

## 03» ആത്മനിയന്ത്രണത്തോടെ മുന്നേറാം

തിരിച്ചറിഞ്ഞാൽ തന്നെ ഈ പ്രശ്ന ത്തിനു പരിഹാരം കണ്ടെത്തുവാനാ കും. നമ്മുടെ ജീവിതത്തിന്റെ നിയന്ത്രണം നമ്മളിൽ തന്നെയാണ്. എന്നിട്ടും നാം പലപ്പോഴും അക്രമാസ ക്തരാകുന്നു. സ്വയം തിരിച്ചറിയുവാൻ കഴിയാതെ പോകുന്നതു കൊണ്ടാണ് ആത്മനിയന്ത്രണം നഷ്ടമാകുന്നത്.

ദൈവമുമ്പാകെ വിശ്വസ്തരായി നി ലനില്ക്കേണ്ടതിന് ആത്മനിയന്ത്രണം ഒരു പ്രധാന ഘടകമാണ്. ചിട്ടയായ ദൈവവചനപഠനവും പ്രാർത്ഥനാജീവി തവും അതിന് ഏറെ നമ്മെ സഹായി ക്കും. പ്രകോപനം ഉണ്ടാക്കുന്ന തരത്തിലുള്ള വിഷയങ്ങളെ അഭിമു ഖീകരിക്കുമ്പോൾ മനസ്സിനെ നിയന്ത്രി ക്കുവാനും ശാന്തരാകുവാനും ദൈവവചനം നമ്മെ സഹായിക്കും. ഏതു സാഹചര്യത്തിലും നമ്മെ ശക്ത രായി നിർത്തുവാൻ ദൈവത്തിനു കഴി യും. ആത്മനിയന്ത്രണം അന്യമായതുകൊണ്ട് പരാജയം ഏറ്റു വാങ്ങിയവർ ഏറെയാണ്. നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥി പ്പിൻ (മത്താ:5:44) എന്നു പറഞ്ഞ ഗു രുവിന്റെ വാക്കുകളെ മറന്നു പോയ പത്രോസിന് ഒരു വേള തന്റെ നിയന്ത്ര ണം നഷ്ടപ്പെട്ടിട്ട് താൻ അപരന്റെ കാ ത് അറുത്തുകളഞ്ഞു. ആത്മ നിയന്ത്രണം ഇല്ലായ്മ അപകടം ക്ഷണി ച്ചു വരുത്തും. ഇത് തിരിച്ചറിഞ്ഞ പത്രോ സ് നമ്മെ പ്രബോധിപ്പിക്കുന്നത് തന്റെ ലേഖനത്തിലൂടെയാണ്. നിർമ്മദരായി രിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേ ണ്ടു എന്നു തിരഞ്ഞ് ചുറ്റിനടക്കുന്നു (1. പത്രോസ്: 5:8). നമ്മുടെ വിശ്വാസജീ വിതത്തെ തകർക്കുവാൻ പരിശ്രമിക്കു ന്ന സാത്താന്റെ എല്ലാ തന്ത്രങ്ങളെയും ആത്മനിയന്ത്രണത്തോടെ നാം നേരി ടേണ്ടതുണ്ട്. ക്രിസ്തുവിലുള്ള വിശ്വാ സത്താൽ നമുക്ക് അതിനെ ജയിക്കാനാകും. നാം സാത്താന്റെ കൈകളിലെ ആയുധമാകരുത്.

വീക്ഷണം

# ഒരു പുനരുജ്ജീവനം സാധ്യമോ?



ഷൈനി അഭിലാഷ്

വളരെ സന്തോഷത്തോടെ കളിച്ചു ചിരിച്ചുകൊണ്ടാണവർ അന്നും ഒരുമിച്ചു ഉറങ്ങാൻ പോയത്. ചിലർ ചേർന്ന് അവരെ കണ്ടെത്തുമ്പോഴും അവർ കെട്ടിപ്പുണർന്നു തന്നെയായിരുന്നു. ശ്വാസം നിലച്ചിരുന്നു എന്നു മാത്രം. തേയില തോട്ടത്തിലെ കഷ്ട്പ്പാടുകളിൽ നിന്നു ഏക മകളെയെങ്കിലും മോചിപ്പിക്കാൻ ആഗ്രഹിച്ചാണ് അവർ അവളെ നേഴ്സിംഗ് പഠിപ്പിച്ചത്. പഠനം കഴിഞ്ഞ് അവൾ യു.കെ യിൽ ജോലി ചെയ്യുമ്പോൾ വിചാരിച്ചു കാര്യമായി അപ്പനും അമ്മക്കും ഇതുവരെ ഒന്നും കൊടുത്തിട്ടില്ല. അതുകൊണ്ടു ഇത്തവണത്തെ അപ്പന്റെ ജന്മദിനം ആഘോഷിക്കണം. സമ്മാനങ്ങളും കൊടുത്ത് അപ്പന്റെ ജന്മദിനം ആഘോഷിച്ചു മടങ്ങുമ്പോൾ അവൾ വെറുതെ പോലും നിരൂപിച്ചിട്ടുണ്ടാകില്ല ഇതു അവൾ അപ്പനു കൊടുക്കുന്ന അവസാനത്തെ സമ്മാനമാണെന്ന്. കുത്തൊഴുക്കിൽ തകർന്ന വീടിന്റെ അവശേഷിച്ച തറയിൽ ഇരുന്ന് നൗഫൽ കണ്ണീർ ഒഴുക്കി. പതിനാറ് പേർ അടങ്ങിയ കുടുംബത്തിൽ ശേഷിക്കുന്നത് ഒരാൾ മാത്രം. ഒടുവിലായി ആ മുഖമൊന്നു കാണുക എന്നത് എല്ലാ മരണത്തിന്റെയും അവസാനമാകുമ്പോൾ ഇവിടെ അതി



നും സാദ്ധ്യതകൾ മങ്ങി. തെളിഞ്ഞു നിന്നത് ചില ഡി എൻ എ നമ്പരുകൾ മാത്രം. ചരിത്രത്തിൽ ആദ്യമായി വയനാട് പുത്തുമലയിൽ ഡി എൻ എ നമ്പർ എഴുതിയ ശവക്കല്ലറകൾ ഉയർന്നു. കഥകൾ നാനൂറോളം കുടുംബത്തിന്റേതാണ്.

ഒരു വശത്ത് ഇത്രയേറെ സങ്കടക്കടൽ തിരയടിക്കുമ്പോൾ മറുവശത്ത് പുര കത്തുമ്പോൾ വാഴ വെട്ടുന്നവരെ പോലെ കുറേപേർ. ആളൊഴിഞ്ഞ വീടുകളിൽ നിന്നും ബാക്കിയുള്ളതും കൂടി കവർച്ച നടത്തിയവരും, അപ്പന്റെ ക്രെഡിറ്റ് കാർഡ് പിൻ നമ്പർ ഉപയോഗിച്ച് ക്രിപ്റ്റോ ട്രേഡിങ്ങ് ചെയ്ത് 75 ലക്ഷം നഷ്ടപ്പെടുത്തിയ പതിമൂന്നുകാരനും വ്യത്യസ്ത കഥാപാത്രങ്ങൾ തന്നെ. തങ്ങളുടെ ആരും ഇതിലൊന്നും പെട്ടില്ലല്ലോ എന്നു പറഞ്ഞു ആശ്വസിക്കുന്നവർ വേറെയും. ഈ ഭൂമി ഉരുണ്ടതല്ലേ അപ്പോൾ ഇതൊക്കെ സ്വാഭാവികം. ഇതൊന്നുമില്ലെങ്കിൽ പിന്നെ ഇവിടെ സ്വർഗ്ഗമാകുമായിരുന്നല്ലോ എന്നു ചിന്തിക്കുന്നവരും കുറവല്ല.



*ഈ ഗ്രന്ഥത്തിലും ഈ ദൈവത്തിലും ആശ്രയം വെയ്ക്കുന്നവർക്ക് പുനരുജ്ജീവനം എന്നത് സാമൂഹികമായും ആത്മീകമായും കരഗതമാക്കാവുന്നതാണ്.*

സ്തബ്ധരായി നിന്നു പോകുന്ന അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. ഇവിടെ അതിനു ആക്കം കൂടുകയാണ്.



*പ്രകൃതിയെ സംരക്ഷിക്കേണ്ട ചുമതലയും നമുക്കുണ്ട്. ചില മുന്നറിയിപ്പുകൾ അവഗണിക്കാതെ നോക്കാം*

ഒരായുസ്സ് മുഴുവനും വാരിപിടിച്ചിരുന്നത് ഒക്കെ നൊടിയിടയിൽ മണ്ണിൽ അലിഞ്ഞു ചേർന്നു. സോദോം - ഗൊമോറെയെ നശിപ്പിക്കുമ്പോൾ ലോത്തിനെയും കുടുംബത്തെയും രക്ഷിച്ച ദൈവം പറഞ്ഞത് ഒരേ ഒരു കാര്യം മാത്രം. 'തിരിഞ്ഞു നോക്കരുത്'. ഓടിക്കൊണ്ടിരിക്കുന്ന ഒരു വാഹനത്തിന്റെ വശങ്ങളിലെ കണ്ണാടിയിൽ കൂടെ പിന്നിലേക്കു നോക്കുമ്പോൾ ചില കാഴ്ചകൾ നാം കാണുന്നതുപോലെ ഇതിനെയും കാണേണ്ടതാണ്. ഒരു പുനരുജ്ജീവനം സാധ്യമാകും. മരണത്തിൽ പോലും ഒരു പ്രതീക്ഷ നൽകുന്ന പുസ്തകമാണ് ബൈബിൾ. ഏകദേശം 30000 വാഗ്ദാനങ്ങൾ നൽകുന്ന ഈ ഗ്രന്ഥത്തിലും ഈ ദൈവത്തിലും ആശ്രയം വെയ്ക്കുന്നവർക്ക് പുനരുജ്ജീവനം എന്നത് സാമൂഹികമായും ആത്മീകമായും കരഗതമാക്കാവുന്നതാണ്. ഏറ്റവും വലിയ പ്രതീക്ഷയുടെ പേരാണ് ക്രിസ്തു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും എന്നു ക്രിസ്തു മൊഴി. നമുക്ക് ഈ പ്രകൃതിയോട് ചില കടപ്പാടുകൾ ഉണ്ട്. പ്രകൃതിയെ സംരക്ഷിക്കേണ്ട ചുമതലയും നമുക്കുണ്ട്. ചില മുന്നറിയിപ്പുകൾ അവഗണിക്കാതെ നോക്കാം. നമുക്കു ചുറ്റിലും നൽകിയിരിക്കുന്നതൊക്കെ സ്വത്താണ്. അതിന്റെ കാവൽക്കാർ മാത്രമാണ് നാം.

# മനസ്സറിഞ്ഞ് മക്കളെ വളർത്താം

> മൂല്യാധിഷ്ഠിതമായ ഒരു ജീവിതം മക്കളിൽ സംജാതമാകുവാൻ, ഓരോ അമ്മമാരും ശ്രദ്ധിക്കേണ്ടതാണ്.

**അമ്മ അറിയാൻ**



മേരി. എസ്. ജോർജ്

പിറന്നുവീഴുന്ന ഓരോ കുഞ്ഞും ഒരു തലമുറയെയാണ് പ്രതിനിധാനം ചെയ്യുന്നത്. ആ കുഞ്ഞിനെ വളർത്തുന്നതിൽ മാതാപിതാക്കൾ എത്ര മാത്രം അവബോധം ഉള്ളവരായിരിക്കണം. ദൈവം മനുഷ്യനെ ആണും പെണ്ണുമായി സൃഷ്ടിച്ചതിനു ശേഷം അവർക്ക് നൽകിയ ആദ്യത്തെ കൽപ്പനയും അനുഗ്രഹവുമാണ് "നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവീൻ" എന്ന് (ഉല്പ: 2:38). കുഞ്ഞുങ്ങൾ യഹോവ നൽകുന്ന അവകാശവും പ്രതിഫലവുമാണ്. ഓരോ മാതാപിതാക്കളും ഈ അനുഗ്രഹത്തിന്റെ ഭാഗമാകയാൽ അവരെ പോറ്റിപ്പുലർത്തേണ്ട ഉത്തരവാദിത്തം മാതാപിതാക്കൾക്ക് ഉണ്ട്. മക്കളെ ശരിയായ ദിശയിൽ വളർത്തിക്കൊണ്ടു വരുവാൻ മാതാപിതാക്കൾ അവരുടെ ഏറ്റവും ഉൽക്കൃഷ്ടമായ സമയം, അധ്വാനം, സമ്പത്ത്, ജ്ഞാനം മുതലായവ കുഞ്ഞുങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തണം.

തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവത്തിനും മനുഷ്യർക്കും പ്രിതിയുള്ളവരായി വളർത്തിക്കൊണ്ടു വരുവാൻ ദൈവഭക്തയായ ഒരു അമ്മയ്ക്ക് കഴിയണം. മക്കൾ യാദൃശ്ചികമായി നല്ല സ്വഭാവഗുണമുള്ളവരായി വളരുന്നവരല്ല, അതിന് അമ്മയുടെ പ്രാർത്ഥനയും പ്രയത്നവും സ്ഥിരോത്സഹവും സമർപ്പണവും ആവശ്യമാണ്. വിശുദ്ധ ബൈബിളിൽ നല്ലവരായ അമ്മമാരെക്കുറിച്ചും മോശമായ അമ്മമാരെക്കുറിച്ചും പരാമർശിച്ചിട്ടുണ്ട്. അടിമത്തത്തിൽ നിന്നും യിസ്രായേൽ ജനതയെ മോചിപ്പിക്കുവാൻ ദൈവം നിയോഗിച്ച മോശയുടെ അമ്മയായ യോഖേബേദും (പുറ : 2:10, 20) ന്യായാധിപനായിരുന്ന ശമുവലിന്റെ അമ്മയായ ഹന്നയും (1ശമൂ:1: 27, 28) ആ കൂട്ടത്തിൽ ഉള്ളവരാണ്. ചിലപ്പോഴെങ്കിലും ക്രൂരത കാട്ടുന്ന അമ്മമാരും വിരളമല്ല. ദുഷ്ടത പ്രവർത്തിക്കാൻ മകന് ആലോചന പറഞ്ഞുകൊടുത്ത അഹസ്യാവിന്റെ അമ്മ അഥല്യയും (2. ദിന: 22 : 8) അതുപോലെ സ്വന്ത പാപത്തെ ചൂണ്ടിക്കാണിച്ച യോഹന്നാൻ സ്നാപകനോടുള്ള പക വീട്ടാൻ മകളെ ഉപയോഗിച്ച് അവന്റെ തലയറുത്ത ഹെരോദ്യയും (മർ:6:24) ഇതിന് ഉദാഹരണങ്ങളാണ്.



*മാതാപിതാക്കൾ അവരുടെ ഏറ്റവും ഉൽകൃഷ്ടമായ സമയം, അധ്വാനം, സമ്പത്ത്, ജ്ഞാനം മുതലായവ കുഞ്ഞുങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തണം.*

മൂല്യാധിഷ്ഠിതമായ ഒരു ജീവിതം മക്കളിൽ സംജാതമാകുവാൻ, ഓരോ അമ്മമാരും ശ്രദ്ധിക്കേണ്ടതാണ്. മക്കൾ അമ്മമാരോടൊപ്പമാണ് കൂടുതൽ സമയം ചെലവഴിക്കുന്നത്. അമ്മമാരുടെ ഓരോ ചലനങ്ങളും ഭാവങ്ങളും കുഞ്ഞുങ്ങൾ വീക്ഷിച്ചു കൊണ്ടേയിരിക്കും. അതുകൊണ്ട് കുട്ടികൾക്ക് നല്ല മൂല്യങ്ങൾ സ്വായത്തമാക്കുവാൻ കഴിയും വിധം നല്ല വ്യക്തിത്വമുള്ളവരായിരിക്കണം ഓരോ അമ്മമാരും. വളരെ ചെറിയപ്രായം മുതൽ തന്നെ അവർ പ്രാർത്ഥനാജീവിതം ഉള്ളവരാകേണ്ടതിനും അതോടൊപ്പം എല്ലാ ദിവസവും ധ്യാന സമയം എടുക്കുവാനും കുഞ്ഞുങ്ങളെ പരിശീലിപ്പിക്കണം. കർത്താവുമായുള്ള വ്യക്തിപരമായ ബന്ധം കുഞ്ഞുനാളിൽ തന്നെ അവരിൽ രൂഢമൂലമാക്കുക. കർത്താവിനോടൊത്ത് സമയം ചെലവഴിക്കുന്നതിന്റെ ആനന്ദം അവരുമായി പങ്കു വെക്കുക. അമ്മമാരുടെ ആത്മീക ജീവിതം അനുകരിക്കുന്നവരാകണം നമ്മുടെ മക്കൾ. ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെക്കുറിച്ചും കരുതലിനെക്കുറിച്ചും ദൈനംദിന ജീവിതാനുഭവങ്ങളുമായി കോർത്തിണക്കി ചിന്തിക്കുവാൻ അവരെ പരിശീലിപ്പിക്കുക.

കുട്ടികളെ അവരുടെ ഗൃഹപാഠങ്ങൾ ചെയ്യുന്നതിൽ സഹായിക്കുന്നവരും ഭക്ഷണകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവരും മാത്രമല്ല അവരെ ആത്മീക കൂട്ടായ്മകളിൽ പങ്കെടുക്കുന്നതിനു പ്രോത്സാഹിപ്പിക്കുകയും വേണം. ആത്മീക വളർച്ച എന്നത് ജീവാവസാനം വരെ തുടരുന്ന ഒരു യാത്രയാണ്. പൊതു കൂട്ടായ്മകൾ പ്രായമായവർക്കു മാത്രമുള്ളതാണ് എന്നാണ് പലരുടെയും ചിന്താഗതി. സഭയോടും സമൂഹത്തോടുമുള്ള ഉത്തരവാദിത്വവും വിധേയത്വവും കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കുവാൻ ഇത്തരം കൂട്ടായ്മ ബന്ധങ്ങൾ വഴിയൊരുക്കും. വചനത്തിനാധിഷ്ഠിതമായ ആത്മീക അടിത്തറ ലഭിച്ച കുഞ്ഞുങ്ങൾക്ക് ബാഹ്യ പ്രലോഭനങ്ങളുടെയോ ശിക്ഷയുടെയോ ആവശ്യം കൂടാതെ വളർച്ച പ്രാപിക്കുവാൻ സാധിക്കും. സ്വാർത്ഥത വെടിഞ്ഞ് മറ്റുള്ളവരെ ദയയോടെ ശുശ്രൂഷിക്കുവാനും അവരുടെ സങ്കടങ്ങളിൽ സഹായിക്കുവാൻ പര്യാപ്തമായ സ്വഭാവഗുണങ്ങൾ കുട്ടികളിൽ ഉണ്ടാകുന്നതും ആത്മീകതയുടെ പ്രതിഫലനമാണ്. ലഭിക്കുന്ന എല്ലാ നന്മകൾക്കും, ദൈവത്തോടും മനുഷ്യരോടും നന്ദി പറയുവാൻ കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കണം.

ഓരോ കുട്ടിയിലും നിക്ഷിപ്തമായിരിക്കുന്ന ദൈവീക ഉദ്ദേശ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് അമ്മമാർ ശ്രമിക്കണം.



കുഞ്ഞുങ്ങളിൽ അന്തർലീനമായ ആത്മീക കഴിവുകൾ കണ്ടെത്തുവാൻ സാധിക്കുന്നതും അമ്മമാർക്ക് തന്നെയാണ്. ഓരോ കുട്ടിയിലും നിക്ഷിപ്തമായിരിക്കുന്ന ദൈവീക ഉദ്ദേശ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിന് അവരിൽ മറഞ്ഞിരിക്കുന്ന നൈസർഗിക വാസനയെ കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. അവരുടെ കഴിവുകളെ കുറിച്ചുള്ള അവബോധം അവരിൽ ഉളവാക്കുവാനും അവരെ പ്രോത്സാഹിപ്പിച്ച് മുമ്പോട്ടു കൊണ്ടുവരുവാനും അമ്മമാർ ശ്രമിക്കണം.

കുഞ്ഞുങ്ങളുടെ വളർച്ചയിൽ അമ്മമാർക്കുണ്ടായിരിക്കേണ്ട ഏറ്റവും പ്രധാനമായ ഒരു സവിശേഷതയാണ് ക്ഷമ. ക്ഷമ നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ ഉണ്ടായേക്കാം. എങ്കിലും അമ്മമാരുടെ ക്ഷമയോടു കൂടെയുള്ള മാർഗ്ഗനിർദ്ദേശവും പിന്തുണയും മക്കളെ പ്രതികൂല സാഹചര്യങ്ങളിൽ മുന്നോട്ടു നയിക്കുവാൻ സാധിക്കും. മക്കളോട് സ്നേഹമായും മൃദുവായും ഇടപെടുന്നതിലൂടെ അവർ തിരിച്ച് അമ്മമാരെ സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്യും. കുട്ടികളിൽ ആശങ്കയും ഭീതിയും ഉളവാകുന്ന രീതിയിൽ നാം ഇടപെടുമ്പോൾ അത് അവരുടെ പഠനത്തെയും സ്വഭാവത്തെയും പ്രതികൂലമായി ബാധിക്കുന്നു. ഉദ്യോഗസ്ഥരായ അമ്മമാർ അടക്കം കുഞ്ഞുങ്ങളെ ലാളിക്കുവാനും അവരോടൊത്ത് കളിക്കുവാനും സമയം കണ്ടെത്തണം. കുറച്ചുനാൾ മാത്രമേ നമ്മോടൊത്തു ഉണ്ടാവുകയുള്ളൂ. ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, ഇതെല്ലാം വേഗം തീരും. ഓരോ കുഞ്ഞുങ്ങളും വ്യത്യസ്തരാണ്. അവരുടെ വ്യക്തിത്വത്തെ നാം മാനിക്കണം. മറ്റു കുഞ്ഞുങ്ങളുമായി ഒരിക്കലും നമ്മുടെ കുഞ്ഞുങ്ങളെ താരതമ്യം ചെയ്യരുത്. അത് അവരെ അപകർഷതാബോധത്തിലേക്കും നിരാശയിലേക്കും നയിക്കും.

അധാർമികത കൊടികുത്തി വാഴുന്ന ഒരു ലോകത്താണ് നമ്മുടെ കുട്ടികൾ ജീവിക്കുന്നത്. ധാർമിക മൂല്യങ്ങൾക്ക് ഊന്നൽ കൊടുക്കുന്ന ജീവിതമായിരിക്കണം നമ്മുടെ മക്കളുടേത്. രാജ്യത്തിന്റെ നിയമങ്ങളെക്കുറിച്ചും മൗലികാവകാശങ്ങളെക്കുറിച്ചും അവർ അറിഞ്ഞിരിക്കണം. രാജ്യത്തിന്റെ നിയമസംവിധാനത്തെക്കുറിച്ചുള്ള അവരുടെ അറിവില്ലായ്മ ക്രമം കെട്ട ജീവിതത്തിലേക്ക് അവരെ നയിക്കും. മക്കളുടെ വളർച്ചയിൽ എല്ലാ പിന്തുണയും ഉറപ്പാക്കി മാതൃകയുള്ള ഒരു ജനതയെ വാർത്തെടുക്കുവാൻ എല്ലാ അമ്മമാർക്കും കഴിയണം.




യിസ്രായേലിൽ ക്ഷാമം നേരിട്ടപ്പോൾ മോവാബിലേക്ക് പോയ നൊവൊമിയുടെ ഭർത്താവും രണ്ടു ആണ്മക്കളും അവിടെ വെച്ച് മരണപ്പെട്ടു. നൊവൊമി ബെത്ലഹേമിലേക്ക് തിരിച്ചുപോകാനൊരുങ്ങി.. മരുമകളായ രൂത്തും നൊവൊമിയോടൊപ്പം ചേർന്നു. അവർ യാത്ര ചെയ്തു ബെത്ലെഹേമിൽ എത്തി.










അങ്ങനെ നൊവൊമിയും രൂത്തും ബെത്ലഹേമിൽ താമസം ആരംഭിച്ചു..
അമ്മെ, നമ്മൾ എങ്ങനെ ഇവിടെ ജീവിക്കും? എന്തെങ്കിലും ഒരു വഴി കാണണ്ടേ?
ഞാനാണെങ്കിൽ ഒരു അന്യദേശക്കാരിയും.. എനിക്കിവിവിടെ ആരെയും പരിചയമില്ലല്ലോ..
മകളേ, വിഷമിക്കാതെ.. നമ്മളെ പോലെയുള്ള അനാഥർക്കും വിധവകൾക്കും ഭക്ഷണത്തിനായി ദൈവം ചില വഴികൾ ഒരുക്കിയിട്ടുണ്ട്..
ങേ? അത് എങ്ങനെ?
വയലിൽ കൊയ്ത്തു നടക്കുന്നതിനിടയിൽ നിലത്തുവീഴുന്ന കതിരുകൾ അനാഥർക്കും വിധവമാർക്കും വേണ്ടി വെറുതെ ഇട്ടേക്കണം. അത് അവർ വന്നു പെറുക്കി കൊണ്ടുപോയി ..
അവരുടെ ഉപജീവനം കഴിക്കാം. ഇവിടെ യിസ്രായേലിൽ അങ്ങനെയാണ്.. യിസ്രായേൽ മക്കൾക്ക് കൊടുത്ത കല്പനകളിൽ ദൈവം അങ്ങനെ പറഞ്ഞിട്ടുണ്ട്..


ആണോ? എങ്കിൽ ഞാനും പോകാം..
ഏതെങ്കിലും ഒരു വയലിൽ എനിക്കും പെറുക്കാൻ അനുവാദം കിട്ടുമായിരിക്കും..
അതെ മകളേ, നീ ധൈര്യമായി പൊയ്ക്കൊള്ളൂ.
നമുക്ക് രണ്ടുപേർക്കും ഭക്ഷണത്തിനു അത് മതിയാകും..
മോവാബിലെ ദേവന്മാരെ വിട്ടു യഹോവയെ സേവിക്കുവാൻ നീ എടുത്ത തീരുമാനം വെറുതെ ആവില്ല.
നിന്റെ വിശ്വാസം അംഗീകരിക്കപ്പെടും.. യഹോവ നിന്നോട് കൂടെ ഇരിക്കും..
അങ്ങനെ രൂത്ത് ബെത്ലഹേമിലെ വയലുകൾ തേടി യാത്രയായി. യഹോവ അവൾക്കു വേണ്ടി കരുതിയിരുന്ന മഹത്തായ കാര്യങ്ങൾ അവൾ കാണാൻ പോകുന്നതേ ഉണ്ടായിരുന്നുള്ളൂ..
(തുടരും)

# വിശ്വസ്ത ദാസൻ, നല്ല വേലക്കാരൻ

പിന്നിട്ട വഴികൾ

മിനി സാബു

കാഞ്ഞിരപ്പള്ളിക്കടുത്ത് കൂവപ്പള്ളിയിൽ കർത്താവിന്റെ വേലചെയ്തിരുന്ന സുവി. കെ.സി. സാബു, 2024 ജൂൺ മാസത്തിൽ കർത്തൃസവിധമണഞ്ഞു. അദ്ദേഹത്തിന്റെ ഓർമകളും തന്റെ ജീവിതാനുഭവങ്ങളും പങ്കുവെക്കുകയാണ് സഹധർമ്മിണി മിനി.

എന്റെ പേര് മിനി സാബു, ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ - മുളക്കുഴയിൽ കുഴീപൊയ്കയിൽ വീട്ടിൽ അച്ചുതന്റെയും ശാരദയുടെയും മൂത്തമകളാണ് ഞാൻ. ഹൈന്ദവ ആചാരപ്രകാരം ജീവിച്ച ഒരു കുടുംബമായിരുന്നു ഞങ്ങളുടേത്. എല്ലാ ആചാരങ്ങളും കൃത്യമായി ആചരിച്ചു പോരുന്ന തീവ്രഹിന്ദു വിശ്വാസികളായിരുന്നു ഞങ്ങൾ. അമ്പലത്തിലെ പ്രത്യേക പൂജകളിലും വർഷാവർഷം നടക്കുന്ന ഉത്സവങ്ങളിലും അമ്പലത്തിലേക്കുള്ള നേർച്ചകളും കാഴ്ചകളും മുടങ്ങാതെ കൊടുത്തിരുന്നു. കുളിച്ച് കുറി തൊട്ട് തുളസി കതിർ മുടിയിൽ ചൂടി ഈശ്വരനെ തൊഴുത്, ദീപാരാധനയും കണ്ട് മടങ്ങുമ്പോൾ പരിശുദ്ധി ലഭിച്ചതായി ഞങ്ങൾ കരുതിയിരുന്നു. എല്ലാ വർഷവും ഞങ്ങളുടെ വീട്ടിൽ നിന്നും ശബരിമലയ്ക്ക് പോകാറുണ്ടായിരുന്നു. അയൽപക്കവും ബന്ധുക്കളും സ്നേഹിതരും എല്ലാവരും തന്നെ



ഹൈന്ദവ വിശ്വാസികളായിരുന്നു എന്നു മാത്രമല്ല മറ്റ് മതങ്ങളിലുള്ളവരുമായി ഞങ്ങൾക്ക് യാതൊരു സഹകരണവും ഉണ്ടായിരുന്നില്ല.

എല്ലാ ആചാരങ്ങളും അനുഷ്ഠിച്ച് ജീവിക്കുമ്പോഴും ഞങ്ങളുടെ ജീവിതത്തിൽ സമാധാനം എന്തെന്ന് ഞങ്ങൾ അറിഞ്ഞിരുന്നില്ല. കാരണം ഞങ്ങളുടെ പിതാവ് ഒരു തികഞ്ഞ മദ്യപാനിയായിരുന്നു. ഒരു മദ്യപാനിയുടെ വീട്ടിൽ സാധാരണ ഉണ്ടാകുന്ന എല്ലാ അസമധാനവും ഞങ്ങളുടെ വീട്ടിലും ഉണ്ടായിരുന്നു. സന്ധ്യ മയങ്ങുമ്പോഴേ അമ്മ ഞങ്ങൾക്ക് അത്താഴം തരുമായിരുന്നു. കാരണം അല്പം കൂടെ കഴിഞ്ഞാൽ ഞങ്ങൾ കഴിക്കേണ്ട ഭക്ഷണം അടുത്ത പറമ്പിൽ ആയിരിക്കും. ഭയത്തോടെയായിരുന്നു ഓരോ ദിവസവും തള്ളിനീക്കിയത്.

എന്റെ പതിനെട്ടാമത്തെ വയസ്സിലാണ് ഞാൻ സുവിശേഷം കേൾക്കുന്നത്. ചെങ്ങന്നൂർ താലൂക്ക് സുവിശേഷീകരണത്തിന്റെ ഭാഗമായി രണ്ട് സുവിശേഷകന്മാർ ഞങ്ങളുടെ ഭവനത്തിൽ വന്നു. അമ്മ, ദൈവവചനം കേൾക്കുന്നതിൽ തല്പരയായതു കൊണ്ട് അവർ വീണ്ടും വീണ്ടും വരികയും ഞങ്ങളോട് യേശുക്രിസ്തുവിൽ കൂടെയുള്ള രക്ഷാനിർണ്ണയത്തെക്കുറിച്ചും സംസാരിച്ചുകൊണ്ടിരുന്നു. എല്ലാ ആഴ്ചയും ദൈവദാസന്മാർ ഞങ്ങളുടെ വീട്ടിൽ വരികയും ഞങ്ങളുടെ ഭവനം ദൈവവചന കേൾവിക്കായി ഞങ്ങൾ തുറന്നു കൊടുക്കുകയും ചെയ്തു. അങ്ങനെ സുവിശേഷം കേട്ട് ഞങ്ങളുടെ അമ്മ കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചു. അരീക്കരയിലുള്ള ഒരു ഭവനത്തിൽ ക്രമീകരിച്ചിരുന്ന ബൈബിൾ ക്ലാസ്സിൽ അമ്മയും അനുജത്തിയും പങ്കെടുക്കുകയും, വീട്ടിൽ പാട്ടും പ്രാർത്ഥനയും നടത്തുകയും ചെയ്തു. പക്ഷേ അവരുടെ കൂടെ ചേരാൻ ഞാനും എന്റെ സഹോദരനും തയ്യാറായില്ല.

ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാൻ ഞങ്ങൾക്കും ഒട്ടും താലപര്യം ഉണ്ടായിരുന്നില്ല. ദൈവദാസന്മാരുടെ വരവും സംസാരവും ഞങ്ങൾക്കു അരോജകമായി തോന്നി. ഞങ്ങൾ എതിർക്കുമ്പോഴും അമ്മ ഞങ്ങളോട് ക്രിസ്തുവിലുള്ള വിശ്വാസത്തെക്കുറിച്ചും നിത്യജീവനെക്കുറിച്ചും സംസാരിച്ചു കൊണ്ടിരുന്നു. അവരുടെ വിശ്വാസ ജീവിതത്തിനു കൂടുതൽ തിളക്കം വരുന്നതുപോലെ എനിക്കു തോന്നി. അരീക്കരയിൽ ബൈബിൾ ക്ലാസ്സിനു കൂടിവരുന്നവർ ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്നു. ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥനയ്ക്ക് മറുപടി എന്നോണം പൗലോസ് സംസാരിക്കുന്നത് ശ്രദ്ധിക്കേണ്ടതിന് കർത്താവ് അവളുടെ ഹൃദയം തുറന്നു



(അ.പ്ര: 16 : 15) എന്ന വചനം പോലെ ദൈവദാസന്മാർ വചനം പറയുന്നത് ശ്രദ്ധിക്കേണ്ടതിന് ദൈവം എന്റെ ഹൃദയവും തുറന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ പ്രവൃത്തിക്കുകയും ഞാൻ എന്റെ കർത്താവിനെ രക്ഷകനും കർത്താവുമായി സ്വികരിക്കുകയും ചെയ്തു. രക്ഷിക്കപ്പെട്ട ഞാൻ അധികം വൈകാതെ സ്നാനപ്പെടുകയും ചെയ്തു. പറഞ്ഞറിയിക്കാൻ കഴിയാത്ത വിധം വലിയ സന്തോഷം അനുഭവിച്ച സമയങ്ങളായിരുന്നു അത്. ഞാൻ കർത്താവിനെ സ്വീകരിച്ചതു നിമിത്തം എന്റെ പാപങ്ങൾ മോചിച്ചു കിട്ടി. ഞാൻ സന്തോഷവതിയായി. എനിക്ക് വലിയ മാറ്റങ്ങൾ സംഭവിക്കുകയായിരുന്നു. ദൈവവചനം ഞങ്ങൾ പഠിച്ചപ്പോൾ അതുവരെ ആചരിച്ചു വന്നതെല്ലാം തെറ്റായിരുന്നു എന്നു ഞങ്ങൾക്ക് മനസ്സിലാകുകയും അതെല്ലാം ഉപേക്ഷിക്കുകയും ചെയ്തു.

ഞങ്ങളുടെ സ്നാനത്തോടു കൂടി അരീക്കരയിൽ ഒരു പുതിയ സ്ഥലം സഭാ കൂടിവരവ് ആരംഭിച്ചു. ആദ്യഫലമായി ഞങ്ങളും. പക്ഷേ അന്നു മുതൽ പ്രശ്നങ്ങൾ ആരംഭിച്ചു തുടങ്ങി. ഇതുവരെ വീട്ടിൽ മാത്രമായിരുന്നു ഞങ്ങൾ അസമാധാനം അനുഭവിച്ചിരുന്നത്. പക്ഷേ രക്ഷിക്കപ്പെട്ടതിനു ശേഷം ഞങ്ങൾ പാർത്തിരുന്ന ഞങ്ങളുടെ സ്വന്ത സ്ഥലത്ത് നിന്നും എതിർപ്പുകൾ നേരിടുവാൻ തുടങ്ങി. രക്ഷിക്കപ്പെട്ടതു നിമിത്തം സമൂഹത്തിൽ ഞങ്ങൾ ഒറ്റപ്പെട്ടു , മറ്റുള്ളവരുടെ പരിഹാസങ്ങളും ബന്ധുമാത്രാദികളുടെയും സ്നേഹിതരുടെയും



അകൽച്ചയും ഞങ്ങളെ വേദനിപ്പിച്ചു. ഞങ്ങളോട് മിണ്ടുവാൻ പോലും ആരും ഉണ്ടായിരുന്നില്ല. കർത്താവ് അല്ലാതെ ആരും ഞങ്ങളെ സഹായിക്കുവാനില്ലെന്നു തിരിച്ചറിഞ്ഞ ഞങ്ങൾ പൂർണ്ണമായും ദൈവമുഖത്തേക്ക് നോക്കി. സഭ ക്രമീകരിച്ച വിബിഎസിലും ഭവന സന്ദർശനത്തിലും ഞങ്ങൾ പങ്കെടുത്തു. കൂടാതെ ഒരു ചിൽഡ്രൻസ് ക്ലബ്ബ് ആരംഭിക്കുകയും ഹൈന്ദവ വിശ്വാസികളായ അനേകം കുഞ്ഞുങ്ങൾ ഈ ചിൽഡ്രൻസ് ക്ലബ്ബിൽ പങ്കെടുക്കുകയും ദൈവവചനം പഠിക്കുകയും ചെയ്തു. പിന്നീട് ജോലിയോടുള്ള ബന്ധത്തിൽ ചില വർഷങ്ങൾ ഞാൻ ഡൽഹിയിൽ ആയിരുന്നു.

ഒരു സുവിശേഷകൻ എന്നെ വിവാഹം കഴിക്കണമെന്ന് എന്റെ അമ്മ ആഗ്രഹിച്ചിരുന്നു. കോട്ടയം ജില്ലയിലെ വാകത്താനത്തിടുത്ത് പിച്ചനാട്ടുകുളം കൊച്ചുപറമ്പിൽ സുവിശേഷകൻ കെ. സി സാബുവിന്റെ വിവാഹാലോചന വന്നു. സുവിശേഷകന്റെ ഭാര്യയായി ജീവിക്കേണ്ടി വരുമ്പോൾ എന്തെല്ലാം പ്രതിസന്ധികൾ നേരിടേണ്ടി വരുമെന്നും അമ്മ എന്നെ ഓർമ്മിപ്പിച്ചു കൊണ്ടേയിരുന്നു. വിവാഹാലോചനയുമായി സാബുച്ചായൻ എന്നെ വന്നു കാണുമ്പോഴും ഒരു സുവിശേഷകനൊപ്പമുള്ള ജീവിതം വളരെ പട്ടിണിയും ദാരിദ്ര്യവും നിറഞ്ഞതായിരിക്കുമെന്നും അപ്പോഴൊന്നും തളർന്നു പോകരുതെന്നും പറഞ്ഞിരുന്നു. അമ്മയും സാബുച്ചായനും പറഞ്ഞതിന്റെ അർത്ഥം പീന്നിട് എനിക്ക് മനസ്സിലാക്കുവാൻ സാധിച്ചു. അങ്ങനെ 2002 നവംബർ 30 - ന് പിച്ചനാട്ടുകുളം സഭയുടെ ചുമതലയിൽ നടന്ന ശുശ്രൂഷയിൽ ഞങ്ങൾ വിവാഹിതരായി. വളരെ സന്തോഷകരമായ ഒരു കുടുംബജീവിതം ആയിരുന്നു ഞങ്ങളുടേത്. ബുദ്ധിമുട്ടുകളും ദാരിദ്ര്യങ്ങളും വിട്ടു മാറാതെ ഉണ്ടായി




രുന്നെങ്കിലും ഇവയൊന്നും ഞങ്ങളുടെ സന്തോഷങ്ങൾക്ക് തടസ്സം ആയിരുന്നില്ല. ഉള്ളതുകൊണ്ട് തൃപ്തിയോടെ ജീവിക്കുവാൻ ഞങ്ങൾ ശീലിച്ചിരുന്നു.

1985 - ലാണ് അദ്ദേഹം കർത്താവിനെ രക്ഷകനും കർത്താവുമായി സ്വീകരിച്ചത്. ആ വർഷം തന്നെ സ്നാനം ഏല്ക്കുകയും ചെയ്തു. രക്ഷിക്കപ്പെട്ടതിനു ശേഷം സഭയുടെ ആത്മീക കാര്യങ്ങളിൽ അദ്ദേഹത്തിന്റെ താല്പര്യം കണ്ട് സഭയുടെ അന്നത്തെ സുവിശേഷകനായിരുന്ന ടി.ജെ. തോമസ്, ബൈബിൾ കോളേജിൽ പോയി ദൈവത്തിന്റെ വചനം പഠിക്കേണ്ടതിന് അദ്ദേഹത്തെ ഉത്സാഹിപ്പിച്ചു. വേദനാദം ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് (കണ്ണൂർ), പത്തനംതിട്ട ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിൽ ദൈവവചനം അഭ്യസിച്ചു. ബിബിഐയിലെ ആറാമത്തെ ബാച്ച് സ്റ്റുഡന്റായിരുന്ന അദ്ദേഹം ഫസ്റ്റ് റാങ്കോടെ പാസാകുകയും ആ വർഷത്തെ ബെസ്റ്റ് സ്റ്റുഡന്റ് അവാർഡ് കരസ്ഥമാക്കുകയും ചെയ്തു. ഇംഗ്ലീഷും ഗ്രീക്കും അനായാസം കൈകാര്യം ചെയ്യുവാനും അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. ഈ കാലയളവിൽ എല്ലാം വളരെ സാമ്പത്തിക ബുദ്ധിമുട്ട് താൻ അനുഭവിച്ചിരുന്നു എങ്കിലും ദൈവത്തിന്റെ കരുതൽ ഓരോ നിമിഷവും തനിക്കു ഉണ്ടായിരുന്നു. ബിബിഐയിലെ പഠനത്തിനു ശേഷം ഒരു തുടർപഠനം ആഗ്രഹിച്ചിരുന്നു എങ്കിലും തന്റെ സാമ്പത്തിക ബുദ്ധിമുട്ട് തന്നെ അതിന് അനുവദിച്ചില്ല.

പഠനാനന്തരം പിച്ചനാട്ടുകുളം സഭയോട് ചേർന്നു വിവിധ ശുശ്രൂഷകളിൽ സജീവമായി. പ്രിയ ദൈവദാസന്റെ ദൈവവിളിയും സമർപ്പണവും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഭ ഒരു പൂർണ്ണസമയസുവിശേഷകനായി അംഗീകരിച്ചു. വിവാഹം കഴിഞ്ഞ ആദ്യ നാളുകളിൽ കോട്ടയം ജില്ലയിലെ തീക്കോയി എന്ന സ്ഥലം പ്രവർത്തന മേഖലയായി തെരെഞ്ഞെടുത്തു. അന്നു ഞങ്ങൾ താമസിച്ചിരുന്നത് പൂഞ്ഞാറിലുള്ള സുവിശേഷകൻ ജോണി മൈക്കിൾ അങ്കിളിന്റെ ഭവനത്തിലായിരുന്നു. സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്ന കാലമായിരുന്നു അത്. ജോണി അങ്കിളിനും കുടുംബത്തിനും ലഭിക്കുന്ന തുച്ഛമായ കൂട്ടായ്മകളിൽ നിന്നും ഒരു പങ്ക് അവർ ഞങ്ങൾക്കും നല്കുമായിരുന്നു. അവരോടൊപ്പം ഉള്ള ജീവിതവും ശുശ്രൂഷകളും ഞങ്ങളുടെ ജീവിതത്തിന്റെ വ്യത്യസ്മായ അനുഭവങ്ങളായി മാറി. പീരുമേട് താലൂക്ക് സുവിശേഷീകരണത്തിലും അദ്ദേഹം പങ്കാളിയായിരുന്നു.

തുടർന്ന് ഇടക്കുന്നം സഭയുടെ ശുശ്രൂഷകനായി തുടരവേ കൂവപ്പള്ളി എന്ന സ്ഥലം കേന്ദ്രീകരിച്ചു കൊണ്ട്

പ്രവർത്തനം ആരംഭിച്ചു. ഇടക്കുന്നം സഭയുടെയും സഭാമൂപ്പനായ ബേബി മാത്യു സാറിന്റെയും പൂർണ്ണപിന്തുണ യും സഹകരണവും കൂവപ്പള്ളി സഭയു ടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്നു. കത്തോലിക്കാ ജന വിഭാഗം തിങ്ങിപ്പാർക്കുന്ന കൂവപ്പള്ളി യിൽ വീടുതോറും കയറി സുവിശേഷം അറിയിക്കുകയും കോളനികളിലും വീ ടിന്റെ ടെറസ്സുകളിലും കവലകളിലും സുവിശേഷപ്രഘോഷണങ്ങൾ നടത്തി യിരുന്നു. വിബിഎസും ചിൽഡ്രൻസ് ക്ലബുകളും നടത്തിയതിലൂടെ കുട്ടിക ളുടെ ഇടയിലെ പ്രവർത്തനവും നടന്നു വന്നു. ചിൽഡ്രൻസ് ക്ലബിലെ കുട്ടികൾ ക്ക് എല്ലാ വർഷവും സഹോദരൻ അഭി ലാഷ്. പി.പി (തിരുവല്ല) യുടെ നേതൃത്വത്തിൽ പഠന സഹായങ്ങൾ ചെയ്തിരുന്നു. കുട്ടികളുടെ ഇടയിലെ പ്രവർത്തനം കൂവപ്പള്ളി സഭയുടെ പ്രവർ ത്തനങ്ങൾക്ക് പുതിയ വെളിച്ചമേകി. അനേകം ദൈവദാസന്മാർ ഈ പ്രവർ ത്തനങ്ങളിൽ സഹകരിച്ചിട്ടുണ്ട്. അങ്ങ നെ 2006 - ൽ കൂവപ്പള്ളിയിൽ സ്ഥലം സഭാ കൂടിവരവ് ആരംഭിച്ചു. കാഞ്ഞി രപ്പള്ളി, അമൽ ജ്യോതി എൻജിനിയ റിംഗ് കോളേജിൽ പഠിക്കുന്ന കുഞ്ഞുങ്ങളും ഞങ്ങളോടൊപ്പം ആരാ ധനയിൽ സംബന്ധിച്ചിരുന്നു. ഇംഗ്ലീഷ് മാത്രം അറിയാവുന്ന കുട്ടികൾക്ക് ഇം ഗ്ലീഷിലുള്ള ആരാധനയും നടത്തിയി രുന്നു.

തിമോത്തിയും
സോനയും



ഞങ്ങളുടെ മക്കളായ സോന (ബി എസ് സി - നേഴ്സിംഗ് സ്റ്റുഡന്റ്, വെല്ലൂർ) യ്ക്കും തിമോത്തിക്കും (പ്ലസ് ടൂ) മിക ച്ച വിദ്യാഭ്യാസം നല്കണം എന്നു ഞങ്ങൾ ആഗ്രഹിച്ചിരുന്നു. സാഹചര്യ ങ്ങൾ പലപ്പോഴും ഞങ്ങൾക്ക് അതി ന് അനുകൂലമായിരുന്നില്ല. അവരെ സിബിഎസ്ഇ സിലബസ് ഉള്ള സ്കൂളു കളിൽ തന്നെ പഠിപ്പിക്കണമെന്ന എന്റെ ആഗ്രഹത്തെ കർത്താവ് മാനിച്ചു. വലിയ സാമ്പത്തിക ഞെരുക്കങ്ങളുടെ മദ്ധ്യ ത്തിലും കുഞ്ഞുങ്ങൾക്ക് മികച്ച രീതി യിൽ പഠിക്കുവാൻ കർത്താവ് കൃപ ചെയ്തു. പ്രത്യേകിച്ച് സോന എല്ലാ ക്ലാ സ്സുകളിലും ഉയർന്ന മാർക്ക് വാങ്ങി പാ സായത് ദൈവത്തിന്റെ പ്രവർത്തി എന്നല്ലാതെ മറ്റൊന്നും പറയാനില്ല.

2024 ജൂൺ മാസം 6-ാം തീയതി കോ ട്ടയം സെന്റർ സോദരീസമാജത്തിന്റെ പ്രാർത്ഥനാ കൂടിവരവ് ഞങ്ങളുടെ ഭവനത്തിലാണ് ക്രമീകരിച്ചിരുന്നത്. തലേ ദിവസം രാത്രി 11 മണിവരെ എന്നോടൊപ്പം നിന്ന് എല്ലാ ക്രമീകര ണങ്ങളും അദ്ദേഹം ചെയ്തു തന്നു. ഉറങ്ങാൻ കിടന്ന അദ്ദേഹം രാത്രി ഒരു മണിയോടെ എന്നെ വിളിച്ച് പറഞ്ഞു, എനിക്ക് കിടക്കാൻ സാധിക്കുന്നില്ല, നല്ല പുറം വേദന ഉണ്ട്, എനിക്ക് വയ്യ എന്ന്. ഞാൻ അദ്ദേഹത്തെ പിടിച്ച് കട്ടി ലിൽ ചാരി ഇരുത്തി. വായു വിലങ്ങിയ താവും എന്നു കരുതി അതിനുള്ള മരുന്നും എന്നോട് വാങ്ങി കഴിച്ചു. അല്പം കഴിഞ്ഞ് ഞാൻ നോക്കുമ്പോൾ ചാരി ഇരുന്ന് ഉറങ്ങുന്നത് കണ്ടു. കുഴ പ്പമൊന്നുമില്ല എന്നു കരുതി ഞാനും ഒന്നു മയങ്ങി. അഞ്ചു മണിയായപ്പോൾ അസഹ്യമായ വേദന ഉണ്ടായപ്പോൾ എനിക്കു തീരെ വയ്യ, ആശുപത്രിയിൽ പോകണം എന്നു പറഞ്ഞു. വേഗം ഒരു വണ്ടി വിളിച്ച് ഞങ്ങൾ കാഞ്ഞിരപ്പള്ളി മേരി ക്യൂൻസ് ഹോസ്പിറ്റലിൽ വന്നു. തുടർന്ന് നടന്ന ടെസ്റ്റുകളിൽ ബ്ളോക്ക് ഉണ്ടെന്നും മൂന്നു മാസം മുമ്പ് ഒരു സൈലന്റ് അറ്റാക്ക് വന്നിരുന്നു എന്നും



ബൈബിൾ കോളേജിലെ
പഠനകാലത്ത്



മനസ്സിലാക്കുവാൻ സാധിച്ചു. ആൻജിയോപ്ലാസ്റ്റിക്കു ശേഷം ഐസിയുവിലായിരുന്ന അദ്ദേഹത്തെ പലതവണ ഞാൻ കയറി കണ്ടു. അപകടനില ധരണം ചെയ്തതായി ഡോക്ടർമാരും അറിയിച്ചിരുന്നു. പക്ഷേ അന്നു വൈകുന്നരം സാബുച്ചായന് രോഗം മൂർച്ഛിച്ചു. ചില മണിക്കൂറുകൾക്ക് ഉള്ളിൽ അച്ച കർത്താവിന്റെ സന്നിധിയിലേക്ക് പ്രവേശിച്ചു. ഈ ഭൂമിയിൽ കർത്താവ് തന്നെ ഏല്പിച്ച വേല തികച്ച് അദ്ദേഹം കർത്തൃസവിധമണഞ്ഞു.

പ്രിയ ദൈവദാസൻ ദൈവം തന്നെ ഏല്പിച്ച വേല വളരെ വിശ്വസ്തതയോടെ ചെയ്തു. നമ്മെ ദൈവം ഏല്പിച്ച കാര്യങ്ങൾ നാം പൂർണ്ണവിശ്വസ്തതയോടെ ചെയ്യേണ്ടവരാണ്. അതുപോലെ തന്നെ പ്രധാനപ്പെട്ടതാണ്, ദൈവം ഏല്പിക്കാത്ത കാര്യങ്ങൾ ചെയ്യാതിരിക്കുന്നതും. പ്രശസ്തരാകുവാനും കഴിവ് പ്രകടിപ്പിക്കാനും ഉള്ള വേദിയല്ല സുവിശേഷവേല. വളരെ താഴ്മയോടെ, കണ്ണുനീരോടെ നാം ചെയ്തുതീർക്കേണ്ടതാണ് പ്രേക്ഷിതപ്രവർത്തനം. നല്ലവനും വിശ്വസ്തനുമായ ദാസനേ എന്ന് യജമാനന്റെ സംബോധന കേൾക്കുന്നതിനായി കർത്താവിന്റെ ദാസൻ എഴുന്നേറ്റു വരും എന്നുള്ള പ്രത്യാശയോടെ ഞങ്ങളും യാത്ര തുടരുന്നു. പ്രാർത്ഥനയിൽ ഓർത്താലും.

പരസ്യയോഗങ്ങളിലും മീറ്റിംഗുകളിലും ധാരാളം പാടിയിട്ടുള്ള സുവിശേഷകൻ സാബു ചില ഗാനങ്ങൾ എഴുതിയിട്ടുമുണ്ട്. ഈ ഗാനങ്ങൾ കേൾക്കുന്നതിനായി താഴെയുള്ള ചിത്രത്തിൽ ക്ലിക്ക് ചെയ്യുക.











# ബൈബിൾ കാനോൻ

വേദപഠനം

# Biblical Canon

കള്ളപ്രവാചകന്മാർ യിസ്രായേൽ മക്കളുടെ ഇടയിൽ ഉണ്ടായിരുന്നു. അവർ ദൈവത്തിന്റെ സന്ദേശമാണ് അറിയിക്കുന്നത് എന്ന് ഭാവിച്ച് വിരുദ്ധ ഉപദേശങ്ങളാൽ ജനത്തെ തെറ്റിച്ചുകളയുമായിരുന്നു. അതിനെതിരെ ജാഗരൂകരായിരിക്കാൻ ദൈവം തന്റെ പ്രവാചകന്മാരിലൂടെ അവരെ ഉദ്ബോധിപ്പിച്ചിരുന്നു. അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും നൽകിയിരുന്നു. അതനുസരിച്ചു വ്യാജപ്രവാചകന്മാരെ ജനം തിരിച്ചറിഞ്ഞു തള്ളിക്കളഞ്ഞിരുന്നു. അതുപോലെ തന്നെ ദൈവനിശ്വസ്തത അവകാശപ്പെടുത്തന്ന കള്ള എഴുത്തുകളും ദൈവജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെയുള്ളവയെ തിരിച്ചറിയുവാനും ശരിയായവയെ അംഗീകരിക്കുകയും അല്ലാത്തവയെ തിരസ്കരിക്കുകയും ചെയ്യേണ്ടത് ഒരാവശ്യമായി വന്നു. അതായത്, ഏതൊക്കെയാണ് യഥാർത്ഥ ദൈവവചനം, ഏതൊക്കെ വ്യാജമാണ് എന്നൊരു വ്യക്തത വരുത്തേണ്ടതിന് ഒരു മാനദണ്ഡം ആവശ്യമായിരുന്നു..

### കാനോൻ

"തിരുവെഴുത്തിലെ പ്രവചനം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉളവാകുന്നതല്ല എന്നു ആദ്യം തന്നേ അറിഞ്ഞുകൊള്ളേണം. 21 പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ." (2 പത്രൊസ് 1:20)

കാനോൻ എന്നതിന് അളവുകോൽ എന്നാണ് അർത്ഥം. ദൈവിക അരുളപ്പാടുകൾ എന്ന് അവകാശപ്പെടുന്നവയിൽ ഏതൊക്കെയാണ് യഥാർത്ഥ ദൈവനിശ്വസ്തമായ തിരുവെഴുത്തുകൾ എന്ന് നിജപ്പെടുത്തി അംഗീകരി

ക്കുന്നതിന് കാനോൻ സഹായിക്കുന്നു.

ദൈവത്തിന്റെ വചനങ്ങളോട് കൂട്ടിച്ചേർക്കുവാനോ കുറക്കുവാനോ മനുഷ്യർക്ക് അധികാരമില്ല. അപ്രകാരം ചെയ്യുന്നവർ ദൈവിക ശിക്ഷക്ക് യോഗ്യരാണ്.

## ദൈവാത്മാവിന്റെ സഹായം

ദൈവവചനത്തിലെ പുസ്തകങ്ങളുടെ രചന പൂർണമായും ദൈവാത്മാവിന്റെ നിയന്ത്രണത്തിലാണ് നടന്നത്. അതുപോലെതന്നെ അവയെ സ്ഥിരീകരണവും ക്രോഡീകരണവും പരിശുദ്ധാത്മാവിന്റെ സഹായത്താൽ തന്നെയാണ് നടന്നിട്ടുള്ളത്.


ദൈവിക അരുളപ്പാടുകൾ രേഖയാക്കിയ സമയത്തുതന്നെ അവ കാനോനികമായിരുന്നു.

ദൈവവചന വ്യാഖ്യാനത്തിൽ മനുഷ്യന്റെ സ്വന്ത ബുദ്ധിക്ക് പ്രസക്തിയില്ല. ദൈവവചനത്തിന്റെ രചയിതാവ് പരിശുദ്ധാത്മാവ് തന്നെ ആയതുകൊണ്ട് ദൈവത്തിന്റെ ആത്മാവാണ് അത് വിഭജിച്ചു മനസിലാക്കിത്തരുന്നത്. അതുപോലെ തന്നെ യഥാർത്ഥ ദൈവവചനം ഏതാണെന്ന് തിരിച്ചറിയുന്നതിനും ദൈവാത്മാവിന്റെ പ്രകാശനം ഒരു പ്രധാന സഹായമാണ്.

ഇപ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പഴയനിയമത്തിൽ 39 പുസ്തകങ്ങളും പുതിയനിയമത്തിൽ 27 പുസ്തകങ്ങളുമാണ് ദൈവനിശ്വസ്തമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. അവയാണ് ഇന്ന് സത്യവേദപുസ്തകം എന്നപേരിൽ അറിയപ്പെടുന്നത്.

## യഹൂദന്മാരുടെ പങ്ക്

"എന്നാൽ യെഹൂദന്നു എന്തു വിശേഷത? അല്ല, പരിച്ഛേദനയാൽ എന്തു പ്രയോജനം? സകലവിധത്തിലും വളരെ ഉണ്ടു; ഒന്നാമതു ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതു തന്നേ." (റോമർ 3:1–2)




*ദൈവിക അരുളപ്പാടുകൾ രേഖയാക്കിയ സമയത്തുതന്നെ അവ കാനോനികമായിരുന്നു.*

ദൈവിക അരുളപ്പാടുകൾ ലോകത്തിനു നല്കുന്നതിന് യഹൂദന്മാരെയാണ് ദൈവം ഉപയോഗിച്ചത്. ദൈവാത്മപ്രേരണയിലൂടെ അവ രേഖപ്പെടുത്തുന്നതിനും ദൈവം അവരെ ഉപയോഗിച്ചു. യഥാർത്ഥ ദൈവത്തിന്റെ വചനങ്ങൾ തിരിച്ചറിയുന്നതിനും അവരിലൂടെ പ്രവർത്തിച്ചു.

## യഹൂദ റബ്ബിമാർ ഉപയോഗിച്ച മാനദണ്ഡങ്ങൾ

» ദൈവത്തിന്റെ വചനം, അരുളപ്പാടുകൾ എന്ന അവകാശവാദം. ഇത് ദൈവത്തിന്റെ അരുളപ്പാടുകൾ ആണെന്ന് പ്രസ്തുത ഗ്രന്ഥം അവകാശപ്പെടുന്നുണ്ടോ?

» രചയിതാവ് ദൈവത്താൽ ഉപയോഗിക്കപ്പെട്ട വ്യക്തിയാണോ?

» പുസ്തകത്തിന്റെ ഉള്ളടക്കം ചരിത്രപരമായും ദൈവശാസ്ത്രപരമായും കൃത്യതയുള്ളതാണോ?

പഴയനിയമത്തിലെ 39 ഗ്രന്ഥങ്ങളെ

പുതിയനിയമ എഴുത്തുകാരും ആദിമ സഭയും അംഗീകരിച്ചതായും ഉദ്ധരിച്ചിട്ടുള്ളതായും കാണുന്നു. പഴയനിയമ ഗ്രന്ഥങ്ങളെ കർത്താവായ യേശുക്രിസ്തു ദൈവാവചനമായി അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു. 22 പഴയനിയമ ഗ്രന്ഥങ്ങളിൽ നിന്നും കർത്താവ് ഉദ്ധരിച്ചിട്ടുള്ളത് രേഖപ്പെടുത്തിയിരിക്കുന്നു. അതിൽ ന്യായപ്രമാണങ്ങളും സങ്കീർത്തനങ്ങളും പ്രവചനങ്ങളും ഉൾപ്പെടുന്നു.

## പുതിയനിയമ ഗ്രന്ഥങ്ങൾ

പുതിയനിയമ ഗ്രന്ഥങ്ങളിൽ ദൈവശ്വാസീയമായവ 27 എണ്ണമാണ് എന്ന് നിജപ്പെടുത്തിയിരിക്കുന്നു.

പുതിയനിയമ ഗ്രന്ഥങ്ങൾ അപ്പോസ്തലന്മാരുടെ കാലത്തു തന്നെ എഴുതപ്പെട്ടു കഴിഞ്ഞിരുന്നു. അതുകൊണ്ട് അവർ തന്നെ അത് ദൈവ വചനമാണെന്ന് അംഗീകരിച്ചിരുന്നു. അതുപോലെ തന്നെ വ്യാജമായവയും തള്ളിക്കളയേണ്ടവയും ഏതെന്നും വ്യക്തമായി തിരിച്ചറിഞ്ഞു പഠിപ്പിച്ചിരുന്നു.

പുതിയനിയമ ഗ്രന്ഥങ്ങളുടെ കാനോനികത നിർണ്ണയിക്കുന്നതിന് സഹായിക്കുന്ന മാനദണ്ഡങ്ങൾ

» ആധികാരികത

» ഉള്ളടക്കം

» അപ്പോസ്തോലികത്വം

» ദൈവജനത്തിന്റെ ഇടയിലെ സ്വീകാര്യത

» തിരുവെഴുത്തുകളുടെ സാർവത്രിക സ്വഭാവം

» ജീവിത രൂപാന്തരത്തിന് ഉതകുന്ന ദൈവിക സന്ദേശമാണോ?

ദൈവനിശ്വസ്ത ഗ്രന്ഥങ്ങൾ ഏതാണെന്ന് സ്ഥിരീകരിക്കുന്നത് ഏതെങ്കിലും സഭയോ വിഭാഗമോ കൗൺസിലോ അല്ല, മറിച്ച് രചയിതാവായ ദൈവം തന്നെയാണ്. ദൈവാത്മാവിന്റെ സഹായത്തോടെ എല്ലാക്കാലത്തേയും ദൈവ ജനം അത് മനസിലാക്കി അംഗീകരിക്കുന്നു.



*പഴയനിയമ ഗ്രന്ഥങ്ങളെ കർത്താവായ യേശുക്രിസ്തു ദൈവാവചനമായി അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്തിരുന്നു.*

## അപ്പോക്രിഫാ

കാനോനികമായി അംഗീകരിക്കാത്ത പുസ്തകങ്ങൾ (അവയുടെ ആധികാരികതയും, ഉള്ളടക്കത്തെയും, ദൈവനിശ്വസ്തതയെയും കുറിച്ച് സ്ഥിരീകരണമില്ലാതെ സംശയാസ്പദമായവ) അപ്പോക്രിഫാ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇത്തരത്തിൽ 14 പുസ്തകങ്ങൾ പഴയനിയമത്തോടൊപ്പം ചില ബൈബിളുകളിൽ ചേർത്തിട്ടുണ്ട്.

ചിന്ത

# ഓർമ്മപ്പെടുത്തൽ

ലൗലി ജോർജ്

ജോലി സംബന്ധമായ തിരക്കുകൾ നിമിത്തം ചില ദിവസങ്ങളിൽ അവൾ താമസിച്ചാണ് ഉറങ്ങുന്നതും എഴുന്നേല്ക്കുന്നതും. താമസിച്ച് എഴുന്നേല്ക്കുന്ന ദിവസങ്ങളിൽ ഡാഡി ചോദിക്കുന്ന ഒരു ചോദ്യമുണ്ട് മോളെ.. നീ.. പ്രാർത്ഥിച്ചോ? ബൈബിൾ വായിച്ചോ? എന്നൊക്കെ. തലേദിവസത്തെ ജോലിഭാരവും ശാരീരിക ക്ഷീണവും നിമിത്തം ഉറക്കത്തിന്റെ ആലസ്യം ഇനിയും വിട്ടുണരാത്ത അവളിലേക്ക് ഈ ചോദ്യം ഒരു തീയമ്പുകണക്കെയാണ് പതിക്കുന്നത്. സ്ഥിരമായി ചെയ്തു വരുന്ന ഒരു കാര്യം ചെയ്യാഞ്ഞതിലോ ചെയ്യാൻ മറന്നുപോയതിലോ ഉള്ള കുറ്റബോധത്തോടെ ഡാഡിയുടെ വാക്കുകൾ അക്ഷരംപ്രതി അനുസരിക്കുന്ന മിടുക്കി കുട്ടി. അവൾക്ക് ഇത് ഒരു ഓർമ്മപ്പെടുത്തലാണ്.

കല്ലു നീക്കുവിൻ എന്നു പറഞ്ഞു ലാസറിന്റെ കല്ലറയ്ക്കലേക്കു യേശു നടന്നടുക്കുമ്പോൾ പിന്നിൽ നിന്നും പതിഞ്ഞ ശബ്ദത്തിൽ മാർത്ത പറഞ്ഞു: കർത്താവേ, നാറ്റം വെച്ചു തുടങ്ങി; നാലു ദിവസമായല്ലോ. തനിക്കു ഏറ്റവും പ്രിയപ്പെട്ട ലാസറിനു സുഖമില്ലാതിരുന്ന സമയം മുതൽ ലാസറിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും കൃത്യമായി അറിഞ്ഞുകൊണ്ടിരുന്ന കർത്താവ് (യോഹ:11:4), സുഖമില്ല എന്ന വാർത്ത അറിഞ്ഞിട്ടും താൻ ആയിരുന്ന സ്ഥലത്ത് രണ്ടു ദിവസം കൂടെ ചെലവഴിച്ച കർത്താവ് (യോഹ:11:6), ലാസർ മരിച്ചു പോയെന്നും അടക്കം ചെയ്തിട്ട് നാലു ദിവസമായെന്നും മനസ്സിലാക്കിയ കർത്താവ് (യോഹ:11:16). എല്ലാം നന്നായി അറിയുന്ന കർത്താവിന് ഇങ്ങനെ ഒരു ഓർമ്മപ്പെടുത്തൽ ആവശ്യമായിരുന്നോ?

ചിലർ അങ്ങനെയാണ്, അവർ ചില കാര്യങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും. അത് കേൾവിക്കാർക്കു അസ്വസ്ഥമായി എന്നു വരാം. പരീക്ഷ എഴുതാനോ പഠനത്തിലോ സ്കൂളിലേക്കോ കോളേജിലേക്കോ പുറപ്പെടുന്നതിനു മുമ്പ് മമ്മിയുടെയോ പപ്പയുടെയോ ചില ചോദ്യങ്ങൾ പിന്നിൽ നിന്നും നാം കേൾക്കാറില്ലേ? പേന എടുത്തോ? ഭക്ഷണം എടുത്തോ? ഇന്നലെ ചെയ്ത പ്രോജക്ട് എടുത്ത് ബാഗിൽ വെച്ചോ? കൈയ്യിൽ പണമുണ്ടോ? എല്ലാ ദിവസവും തുടർച്ചയായി കേൾക്കുന്ന ഈ പല്ലവികൾ മിക്കപ്പോഴും നമുക്ക് എന്തോ അത്രയ്ക്ക് അങ്ങോട്ട് ഇഷ്ടപ്പെടാറില്ല. ഈ അപ്പയ്ക്കും അമ്മയ്ക്കും എന്താ? എനിക്കറിയില്ലേ ഇതൊക്കെ? ഞാനെന്താ കൊച്ചുകുഞ്ഞാണോ? നമ്മുടെ ചില നീരസങ്ങൾ അത് അങ്ങനെ.....

» 26



# El Roi: The God Who Sees Me

Godsy Saju

Youth Special

The National Mental Health Survey (NHMS) estimated that about 3.5% of India's population suffered from some form of stress or anxiety-related disorder. In which females were more likely to be impacted by anxiety as compared to males. Reasons may contrast; conversely some studies have shown that women are more liable to ruminate. Rumination is when you repetitively focus on negative thoughts. Dear daughters of Christ, what are you sowing? Are you watering the seed the enemy has sown into your brain? It took a twinkling of an eye to transform the enchanting Garden of Eden to become an infertile land filled with thorns and thistles. There are over 150 references in the Scriptures regarding our mind or thoughts. We are constantly in a battle between faith and feelings. Recognize the uncertainties, disappointment, rejection, hopelessness, loneliness, insecurities; mood swings etc, because you are capable of fighting the battle with the devil. There is going to be a battle where God is going to win only if you extirpate the roots of negativity. As the Psalmist says, in the multitude of my anxieties your comfort delights my soul. Therefore let God take control of your thoughts and mind. Are you agreeable to bestow God the baton of this race? For the reason that He is the God, the Father and the friend "who sees you".

It is often our anticipation of accepting satisfaction from sources which God disapproves, empower the devil to take the lead. Where are we failing? Why is it tough for a child of God to focus on the durable and profitable than the momentary and depriving? Precious child, know that

these all are the testing of your faith and the testing of your faith is precious. Elijah wanted to die, Martha was troubled in heart, and Hannah seemed to be a drunkard. They were pouring out their soul before the Lord! Our Lord will guard us, He will bless us with dignity, and He will fill pour our mouth with laughter and our lips with rejoicing. Guarding the heart and mind renews and transforms our thoughts and emotions aligning with God's will. Let us replace or finite understanding with God's infinite and precious understanding. The peace of God which surpasses all understanding is the whole lot of substance we as His daughters need to embrace than the negative seeds that are deep rooted in our minds poured by the devil. Let us by meditating on the Word of God and constant communication with our comforter, replace anxiety with hope, sadness with joy, failures with successes, rejection with acceptance, uncertainties with certainties, mood swings with balance of mind and insecurities with confidence in the promises of Christ. He binds up your wounds no matter how deep the cut maybe, is still able and shield you from the arrows of the devil. Be confident in the armour of God. Be at your home, college, work place, assembly, wherever you are, be the representation of peace among storms, as for that you are designed. The God who saw Hagar and the Child in the wilderness is our credence. He is aware!

"And lo, the muse, Pneuma, the Comforter

Embraces my soul, cradle my pace, lee my eyes

In the life giving stream, the nub of this sail avast".

24»

# ഓർമ്മപ്പെടുത്തൽ

മാർത്ത ആ കുടുംബത്തിലെ ഒരു പ്രധാനപ്പെട്ട വ്യക്തി തന്നെയാണ്. വീട്ടിൽ വരുന്നവരെ സ്വീകരിക്കുവാനും അവരുടെ വിശേഷങ്ങൾ അന്വേഷിക്കാനും അവർക്കു ഭക്ഷണം ഒരുക്കുവാനും ആ സ്ത്രീ കാണിക്കുന്ന തത്രപ്പാട് അത്ര നിസാരമായി കാണരുത്. വെറുതെയല്ല, ചിലപ്പോഴൊക്കെ അവരുടെ മനം കലങ്ങുന്നത്. കുടുംബത്തിലെ ഉത്തരവാദിത്തമുള്ള ഒരു വ്യക്തി എന്ന നിലയിൽ, എല്ലാവർക്കും അറിയാവുന്ന കാര്യമാണെങ്കിലും അവൾ ചില കാര്യങ്ങൾ ഓർമ്മിപ്പിച്ചുകൊണ്ടേയിരിക്കും. അത്തരം ഓർമ്മപ്പെടുത്തലുകളെ അവഗണിക്കരുത് കാരണം ചില വ്യക്തികളിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്ന കാര്യങ്ങളിൽ ചിലപ്പോഴെങ്കിലും ദൈവീകശബ്ദവും ഉണ്ടാകാം... ആമേൻ.






"അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെതന്നേ നശിച്ചുപോകും" (ലൂക്കൊസ് 13:3). "ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിന് മാനസാന്തരപ്പെട്ട് തിരിഞ്ഞു കൊൾവിൻ." (അപ്പൊസ്തല പ്രവൃത്തികൾ 3:19). മർക്കൊസ് 1:15 "കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു; മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ" (മർക്കൊസ് 1:15 )

# KRISTHEEYA SODARI


CHRISTIAN BI MONTHLY
Sep - Oct 2024







Click to watch videos of songs, messages, programs, meetings and programs on our YouTube channel.



## ഗുരുമൊഴി

“അബ്ബാ, പിതാവേ, നിനക്ക് എല്ലാം കഴിയും; ഈ പാനപാത്രം എങ്കൽനിന്നു നീക്കേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല നീ ഇച്ഛിക്കുന്നതത്രേ ആകട്ടെ എന്നു പറഞ്ഞു” (മർക്കോസ്: 14:36).

"Abba, Father,” he said, “everything is possible for you. Take this cup from me. Yet not what I will, but what you will" (Mark:14:36).

To read, listen, share & download, visit:
www.sodari.in

Printed at Ebenezer Printpack, Thrissur. Edited, printed and published by: Lovely George, Pallickal House, Kariamplavu P.O, Koattanadu, Pathanamthitta - 689615. For private circulation only.